Mathrubhumi 31-10-18, P-06

# കൃഷി പരിപാലനം

**വായനക്കാരുടെ സംശയങ്ങൾക്ക് സുരേഷ് മുതുകുളം മറുപടി നൽകുന്നു**

**? പപ്പായ ആരോഗ്യത്തോടെ വളരുകയും ക്രമേണ ഇലകളുടെ പച്ച നിറം മാറി ഇളംമഞ്ഞനിറത്തിലേക്ക് വരികയും ചെയ്യുന്നു. തുടർന്ന് വളർച്ച മുരടിച്ച് കായ്പിടിത്തം നിലച്ച് നശിക്കുന്നു. ഈ രോഗത്തിന് കാരണമെന്താണ്. പ്രതിവിധി എന്ത്.**

–ജി. ധർമവ്രതൻ, തോട്ടപ്പള്ളി

പപ്പായക്കൃഷിയിൽ സാധാരണ കാണുന്ന ഇലമഞ്ഞളിപ്പും വളർച്ച മുരടിക്കലും കായ് പിടിക്കാതിരിക്കലുമൊക്കെ വൈറസ് ബാധയെത്തുടർന്നുണ്ടാവുന്ന രോഗാവസ്ഥകളാണ്. നിയന്ത്രണം ശ്രമകരമാണ്. വൈറസിനെ പരത്തുന്ന മുഞ്ഞയെ നശിപ്പിക്കുകയാണ് പ്രതിവിധി. രോഗം കാര്യമായി ബാധിച്ചാൽ പൂർണ നിയന്ത്രണം എളുപ്പമല്ല. എന്നാൽ, തുടക്കത്തിലാണെങ്കിൽ 10 ഗ്രാം മഗ്നീഷ്യം സൾഫേറ്റ് ലായനി തളിച്ച് ഇലകളുടെ ആരോഗ്യം വീണ്ടെടുത്ത് വിളവ് പൂർത്തിയാക്കാം.



വൈറസ് കൊണ്ടു മാത്രമാവണമെന്നില്ല മഞ്ഞളിപ്പ്. തോട്ടത്തിൽ വെള്ളക്കെട്ട് ഒഴിവാക്കണം. തൈ നടുമ്പോൾ തന്നെ സ്യൂഡോമോണസ് ലായനിയിൽ മുക്കി നടുക. ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. ഇവ ചെയ്താലും മഞ്ഞളിപ്പ് കുറയും. സ്യൂഡോമോണസ് കരിക്കിൻ വെള്ളവുമായി ചേർത്ത് 4-5 മണിക്കൂർ വെച്ചിട്ട് ഇലകളിൽ തളിച്ചാൽ മഞ്ഞളിപ്പ് കുറയും. കരുത്തും കൂടും. ഇത്തരം ബഹുമുഖ രീതികൾ പ്രയോഗിക്കണം. മരുന്നുകൾ കൃഷിഭവനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എക്കോ ഷോപ്പുകളിൽ ലഭിക്കും. അഗ്രിഹോർട്ടി സൊസൈറ്റിയിലും കിട്ടാൻ സാധ്യതയുണ്ട്

**? സ്റ്റീവിയ കൃഷി ചെയ്യുന്നതെങ്ങനെ. തൈകൾ എവിടെ കിട്ടും**

–ഉണ്ണിക്കൃഷ്ണൻ, ചാത്തല്ലൂർ

സ്റ്റീവിയ അല്ലെങ്കിൽ മധുരത്തുളസിക്ക് പഞ്ചസാരയെക്കാൾ 30 ഇരട്ടി മധുരമുണ്ട്. പ്രമേഹബാധിതർക്ക് ദോഷമില്ലാത്തവിധം പൂജ്യം കലോറി ഊർജമാണ് സ്റ്റീവിയയിലുള്ളത്. ലളിതമാണ് സ്റ്റീവിയ കൃഷി. ഗ്രോബാഗിലോ ചെടിച്ചട്ടിയിലോ വളർത്താം. ചാണകപ്പൊടിയോ മണ്ണിരകമ്പോസ്റ്റോ ചേർത്ത് തയ്യാറാക്കി നിറച്ച ചട്ടിയിൽ ഇത് നടാം. ഇളംചൂടുള്ള ഈർപ്പമുള്ള കാലാവസ്ഥയിൽ നന്നായി വളരും. കടുത്ത വെയിൽ വേണ്ട. ചെടി 30 സെ.മീ. ഉയരത്തിൽ വളരും. 3-4 സെ.മീ. നീളത്തിൽ അരികുകൾ പല്ലു പോലെ രൂപാന്തരപ്പെട്ട ഇലകൾ, രോമാവൃതമായ പ്രതലം തുടങ്ങിയ പ്രത്യേകതകൾ. അമിതനനയും വേണ്ട. നൈട്രജൻ വളങ്ങളും അധികമായി ചേർക്കരുത്. ജൈവവളങ്ങൾ മതി. വെള്ളക്കെട്ട് പാടില്ല.



അരയടി വീതം നീളവും വീതിയും ആഴവും ഉള്ള കുഴിയെടുത്ത് അതിൽ ചാണകപ്പൊടിയും മണൽ മണ്ണും കലർത്തി നിറച്ചും ചെടി നടാം. നട്ട് മൂന്നാം മാസം ഇല നുള്ളാം. തണ്ട് വേരുപിടിപ്പിച്ച് പുതിയ ചെടി വളർത്താം. ഇല 6-8 മണിക്കൂർ ഉണക്കി പൊടിച്ചു ചേർത്താണ് മധുരത്തിന് ഉപയോഗിക്കുന്നത്. ഒരു വർഷം ഒരു ചെടിയിൽ നിന്ന് നാലോ അഞ്ചോ തവണ ഇലകൾ നുള്ളാം. ഇല ചായയിൽ മാത്രമല്ല പായസം, മിഠായി, ബിസ്കറ്റ് പോലുള്ള മധുരവിഭവങ്ങളിലും ചേർക്കാം. ചെടികളിൽ വെള്ളനിറമുള്ള പൂക്കൾ പ്രത്യക്ഷമാകുമ്പോൾ വിളവെടുക്കാറായി എന്ന് മനസ്സിലാക്കാം. ചൂടുവെള്ളത്തിൽ രണ്ടോ നാലോ ഇലകളിട്ട് 5-7 മിനിറ്റ് തിളപ്പിച്ചാൽ മധുരത്തുളസി ചായ തയ്യാർ. ഉയർന്ന രക്തസമ്മർദം നിയന്ത്രിക്കാനും സ്റ്റീവിയ സഹായകമാണ്. തൈകൾ തൃശ്ശൂർ, എറണാകുളം ജില്ലകളിലെ നഴ്സറികളിൽ വാങ്ങാൻ കിട്ടും. ചെറിയ തൈയ്ക്ക് 25 രൂപ വില. കൂടാതെ കേരള കാർഷിക സർവകലാശാല, VFPCK ബിസിനസ് കേന്ദ്ര, വിവിധ കെ.വി.കെ.കൾ എന്നിവിടങ്ങളിലും തിരക്കാം. സ്വകാര്യ നഴ്സറികളിൽ വിലയിൽ ഏറ്റക്കുറച്ചിലുണ്ടാകാം.